കാപ്പിത്തോടിന്റെ നവീകരണം

171(872) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാപ്പിത്തോടിന്റെ നവീകരണത്തിനായി 5 കോടി രൂപ അനുവദിക്കുമെന്ന് മുൻ സർക്കാരിന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ;

(ബി) കാപ്പിത്തോടിന്റെ നവീകരണം സംബന്ധിച്ച് മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ കാപ്പിത്തോടിന്റെ നവീകരണത്തിനായി 16 കോടി രൂപയുടെ ഭരണാനുമതി നൽകാൻ തീരുമാനിച്ചിരുന്നുവോ; അതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഭരണാനുമതി നൽകുന്നതിനുള്ള കാലതാമസത്തിന് കാരണം വ്യക്തമാക്കുമോ;

(സി) കാപ്പിത്തോടിന്റെ നവീകരണത്തിനായി മണ്ഡല ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഏഴുകോടി രൂപ അനുവദിച്ച് ഭരണാനുമതി നൽകിയിരുന്നുവോ; വ്യക്തമാക്കാമോ;

(ഡി) ആരുടെയെല്ലാം സഹകരണത്തോടുകൂടിയാണ് മണ്ഡല ആസ്തി വികസന പദ്ധതിയിൽ കാപ്പിത്തോടിന്റെ നവീകരണം നടത്താൻ ലക്ഷ്യമിട്ടിരുന്നത്;

(ഇ) കാപ്പിത്തോടിന്റെ നവീകരണത്തിനായി ജില്ലാ ഭരണകൂടം ഒരു സൊസൈറ്റി രൂപീകരിച്ച് രജിസ്റ്റർ ചെയ്തിരുന്നുവോ; വിശദാംശം ലഭ്യമാക്കുമോ;

(എഫ്) ഈ പദ്ധതി നടപ്പിലാക്കുന്നതിന് ജില്ലാ ഭരണകൂടം വേണ്ടത്ര ആത്മാർത്ഥത കാട്ടിയില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. ജി. സുധാകരൻ അവർകളുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് കാപ്പിത്തോട് പൂർണ്ണമായും നവീകരിക്കുന്നതിന് 22-5-2013-ലെ ജി.ഒ.(ആർ.ടി.)നമ്പർ 568/2013/ജലവി

LIBRARY ARCHIVES Kerala Legislative Assembly

പ്രകാരം 10.60 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം കാപ്പിത്തോടിന്റെ ഇരുകരകളിലുള്ള മുഴുവൻ കയ്യേറ്റവും അളന്ന് തിട്ടപ്പെടുത്തി തരണമെന്ന് ആലപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയർ തഹസീൽദാരോട് ആവശ്യപ്പെടുകയുണ്ടായി. ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ ഉൾപ്പെടുന്ന കാപ്പിത്തോടിന്റെ കുറച്ചുഭാഗം പുനർനിർണ്ണയം നടത്തുകയും കുറ്റികൾ സ്ഥാപിച്ചിട്ടുള്ളതായും ബാക്കിവരുന്ന കാപ്പിത്തോടിന്റെ അതിർത്തിയായി വരുന്ന ഭാഗങ്ങൾ കാടുപിടിച്ച് വെള്ളക്കെട്ടായി കിടക്കുന്നതിനാൽ അതിർത്തി പുനർനിർണ്ണയിക്കുന്നതിനോ കുറ്റികൾ സ്ഥാപിക്കുന്നതിനോ പറ്റാത്ത സാഹചര്യമാണ് നിലവിലുള്ളതെന്ന് തഹസീൽദാർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. മേൽപ്പറഞ്ഞ സാഹചര്യത്തിൽ വിശദമായ ഡി.പി.ആർ. തയ്യാറാക്കുവാൻ പറ്റാത്ത സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ കാപ്പിത്തോടിന്റെ അതിർത്തി പുനർനിർണ്ണയിച്ച കിട്ടിയാൽ മാത്രമേ ഡി.പി.ആർ. തയ്യാറാക്കാൻ കഴിയുകയുള്ളൂ.

(ബി) തീരുമാനിച്ചിരുന്നു. ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(സി&ഡി) നൽകിയിരുന്നു. എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിരു ഉൾപ്പെടുത്തിയാണ് നവീകരണം നടത്തുവാൻ ലക്ഷ്യമിട്ടിരിക്കുന്നത്.

2012-13	-	2 കോടി രൂപ
2013-14	-	2 കോടി രൂപ
2014-15	-	2 കോടി രൂപ
2015-16	-	1 കോടി രൂപ
ആകെ	-	7 കോടി രൂപ

ബാക്കി തുക മലിനീകരണ നിയന്ത്രണ ബോർഡിൽനിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽനിന്നും കണ്ടെത്തുവാനാണ് തീരുമാനിച്ചിരുന്നത്.

(ഇ) സൊസൈറ്റി രജിസ്റ്റർ ചെയ്തിരുന്നു. കാപ്പിത്തോടിന്റെ സംരക്ഷണത്തിനായി 1995-ലെ പന്ത്രണ്ടാമത് തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്ട്രാക്കൽ ആക്ട് അനുസരിച്ച് 2013-ൽ ക്രമനമ്പർ ALP/TC/486/2013 പ്രകാരം ജില്ലാ ഭരണകൂടം സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

GPM. 2/238/2020-32

LIBRARY ARCHIVES Kerala Legislative Assembly